MONDAY **31/03/2025** തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor :** **Haripriya Devi VV (I/C)**

**Editor :** **Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/03/2025

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആത്മ മുഖേന ജൈവ കൃഷിക്കും. ജൈവ ഉത്പന്നങ്ങൾക്കും നൂറു ശതമാനം സൗജന്യമായി സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പി.ജി.എസ് സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലാക്കുന്നു. കർഷകർ വിവരങ്ങൾക്കായി അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കോഴിക്കുഞ്ഞുങ്ങളുടെ (ബിവി 380 165 രൂപ) വിൽപ്പനയ്ക്കുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

3. 2025-26 സാമ്പത്തിക വർഷത്തിൽ മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ പ്രീമിയം ഒടുക്കി ഗുണഭോക്താക്കളാകുന്നതിന് അവസരം. 18 നും 70 നും ഇടയിൽ പ്രായമുള്ളർക്ക് പ്രീമിയം തുകയായ 509 രൂപ അടച്ച് മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ വഴി പരിരക്ഷ ഉറപ്പാക്കാം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളല്ലാത്തവർക്ക് സി ക്ലാസ് മെമ്പർഷിപ്പ് എടുത്ത് ഇൻഷുറൻസ് പദ്ധതിയിൽ ചേരാം. ഒരു വർഷമാണ് പദ്ധതിയുടെ കാലാവധി. പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നവർക്ക് അപകട മരണമോ, അപകടത്തെ തുടർന്ന് പൂർണ, ഭാഗിക/ അംഗവൈകല്യമോ സംഭവിച്ചാൽ നിബന്ധനകൾക്ക് വിധേയമായി പത്ത് ലക്ഷം രൂപ വരെ ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാകും. ഫോൺ: 8943823000 (അഴീക്കോട്), 6282772876 (പെരിഞ്ഞനം), 7561027919 (കയ്പമംഗലം), 8281291940 (നാട്ടിക), 9746164295 (ചാവക്കാട്).

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

.. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"Organic Agricultural Management"** എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ഏപ്രിൽ 6**. കോഴ്സ് ആരംഭിക്കുന്ന തീയതി: **2025 ഏപ്രിൽ 7**. കൂടുതൽ വിവരങ്ങള് വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയില് ആയോ 04872438567, 8547837256 എന്നീ ഫോണ് നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

4. **കാർഷിക നിർദേശം** വഴുതനയിലെ തൈ ചീയൽ രോഗം ലക്ഷണങ്ങൾ :

തവാരണകളിൽ ബാധിക്കുന്ന ഗുരുതരമായ ഒരു രോഗമാണ് തൈ ചീയൽ രണ്ടു തരത്തിലുള്ള ലക്ഷണങ്ങളാണ് സാധാരണ കണ്ടു വരുന്നത്. മുളക്കുന്നതോടൊപ്പം ഉള്ള വാട്ടമാണ് ഒന്നാമത്തേത്. മുളച്ചതിന് ശേഷം ഉള്ള തൈ വാട്ടമാണ് രണ്ടാമത്തേത്.ഇതിൻറെ പ്രധാനമായ ലക്ഷണം,തീരെ ചെറിയ തൈകളുടെ മണ്ണിനോട് ചേർന്നുള്ള ഭാഗം നശിച്ചു പോകുന്നതാണ്. മൃദുവായി വെള്ളത്തിൽ കുതിർന്നതുപോലെ കാണപ്പെടുന്ന ഈ ഭാഗം പിന്നീട് ചീഞ്ഞു ചെടി കുഴഞ്ഞു വീണ് നശിച്ചു പോകുന്നു.

നിയന്ത്രണ മാർഗങ്ങൾ :സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ മണ്ണിൽ

ഒഴിക്കുകയും ചെടിയിൽ തളിക്കുകയും ചെയ്യുക. രോഗം രൂക്ഷമായ സന്ദർഭങ്ങളിൽ മാങ്കോസെബ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലായിനിയാക്കി തളിക്കുകയും മണ്ണിൽ ഒഴിക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം